

# DREAMS

## DIGITAL MAGAZINE

GVHSS CHELARI

LK/2018/19001

## ഉള്ളടക്കം

ഓർമ്മകൾ.....3
പ്രളയം.....4
തോമസ് ആൽവാ എഡിസിൻ.....6
രാത്രിയുടെ നക്ഷത്രം.....8
ഒന്നും മനപ്പൂർവ്വമല്ല.....9
വിജനമീ രാത്രി.....14
സ്നേഹമാം മന്ത്രം.....15
ഓർമകളുടെ നിഴലിൽ.....17
സന്ധ്യ.....19
ഓർമ്മയുടെ ഓർമ്മകൾ.....21
വായന.....23
കണ്ണുവേണമിരു പുറമെപ്പോഴും.....24
ചീത്ത മനുഷ്യനും നല്ല മനുഷ്യനും.....25
സ്വർഗ്ഗത്തിലെ ഭാഷ.....27
മുഖംമൂടി.....29
പ്രളയം.....34
കലാലയ ജീവിതം.....36
ഇറച്ചി.....38
ഒരു വിനോദയാത്ര.....41
LOVE AS A RAIN.....45
The darken flower.....47
CHILD LABOUR.....48
*Caged tiger*.....49
. دخول التقانة داخل صفوفنا و أثرها.....54

## സന്ദേശം



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൻറെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡ്രീംസ് ഡിജിറ്റൽ മാഗസിനുവേണ്ടി പ്രവർത്തിച്ച എല്ലാ വിദ്യാർഥികളെയും അധ്യാപകരെയും

അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു

ഹെഡ്മിസ്ട്രസ് വൃന്ദ കുമാരി കെ ടി

ജിവിഎച്ച്എസ്എസ് ചേളാരി

# എഡിറ്റോറിയൽ ബോഡ്



## ഓർമ്മകൾ



ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ എനിക്ക് സ്കൂളിൽ ഫുട്ബോൾ കളിക്കണം എന്ന് വലിയ ആഗ്രഹമായിരുന്നു. ഒരു ദിവസം പി.ടി പിരീഡ് ഞാൻ എന്റെ സുഹൃത്തുക്കളുമായി കളിക്കുകയായിരുന്നു. ആ സമയത്ത് ഗ്രൗണ്ടി നിടയിലൂടെ ഒരു കാർ കടന്നുപോയി. ഞങ്ങൾ കളിക്കുന്നതിനിടയിൽ ഞാൻ അടിച്ച് പന്ത് ആ കാറിൽ ചെന്ന് കൊണ്ടു. കാറിൻറെ ചില്ല് പൊട്ടി. എന്റെസുഹൃത്തുകളെല്ലാം ഓടി പക്ഷേ അയാൾ എന്നെ പിടിച്ചുവച്ചു പിന്നീട് ഓഫീസ് റൂമിൽ കൊണ്ടുപോയി എന്നിട്ട് സാറോട് കാര്യം പറഞ്ഞു. എന്നോട് സ്കൂൾ വിടുന്നത് വരെ അവിടെ നിൽക്കണമെന്നും, പിന്നീട് സ്കൂൾ വിടുന്ന സമയത്ത്, പോകാൻ ആകുമ്പോൾ സാറേ കാണണമെന്നും പറഞ്ഞു. അങ്ങനെ ഞാൻ 2 പിരിയഡ് മുഴുവനായും അവിടെനിന്നു. സ്കൂൾ വിട്ടു ഞാൻ സാറോട് ഞാൻ പോട്ടെന്ന് ചോദിച്ചു. പക്ഷേ സാർ അപ്പോഴേക്കും എൻറെവീട്ടിൽ വിളിച്ചു പറഞ്ഞിരുന്നു.

എൻറെ ഉമ്മ വന്നു. ഉമ്മ സാറോട് പറഞ്ഞു ഇനി ഇങ്ങനെ ഒന്നും ഉണ്ടാവില്ലെന്ന്. എനിക്ക് അന്ന് രാത്രി വീട്ടിൽ നിന്ന് നല്ല വഴക്ക കേട്ടു. അന്ന് ഞാൻ തീരുമാനിച്ചു ഇനി സ്കൂളിൽ നിന്ന് കളിക്കില്ല എന്ന്.

**by**
**Rishad roshan.c.p**
***X-A***

## പ്രളയം



ഇന്നു ഞാൻ കണ്ട കാഴ്ചകൾ

നാളത്തെ നിലാവെളിച്ചത്തിൽ ഒലിച്ചുപോയി

ആരുമില്ല എനിക്ക്! ആരുമില്ല എനിക്ക്...

കൊടുങ്കാറ്റു പോലെ മഹാമാരി എൻറെ-

പ്രാണനായ മാതാപിതാക്കളെ മോഷ്ടിച്ചു കൊണ്ടുപോയി

കൊടും കാറ്റിൻറെ ഇരമ്പൽ ഞാൻ വാവിട്ടു കരഞ്ഞു

ഭീ മാകാരമായ ദുരന്തത്തിൽ ഞാൻ തനിയെ

ഒഴുകി അലഞ്ഞു നടക്കുമ്പോൾ

ഞാൻ കണ്ട കാഴ്ചകൾ മനമുരുകി ഒലിച്ചുപോയി

പാവങ്ങളായ മൃഗങ്ങളും പക്ഷികളും വിട പറഞ്ഞുപോകുന്നു.........

ഗ്രഹം ഒരുനിമിഷം ഓർമ്മകളിൽ

എങ്ങോട്ടെന്നറിയാതെ ഒഴുകുകയാണ്

ഇടിമുഴക്കത്തിന് ഞാൻ മഹാമാരിയെ

മാറിനോട് ചേർത്തു രാവിലെ "പാവങ്ങളായ മനുഷ്യർക്ക്"

ഇങ്ങനെയും ദൈവം വിധി പറഞ്ഞു

**Arya krishna. a.k VIII-A**



## തോമസ് ആൽവാ എഡിസിൻ

*ഒരു വൈകുന്നേരം സ്കൂളിൽനിന്ന് എത്തിയ ആ കുഞ്ഞ് വിറക്കുന്ന കൈകളോടെ ഡയറി അമ്മയെ ഏൽപ്പിച്ചു . ആ ഡയറി തുറന്നു അമ്മ ഇങ്ങനെ വായിച്ചു : നിങ്ങളുടെ മകന് ബുദ്ധി കൂടുതലാണ് അവനെ പഠിപ്പിക്കാനുള്ള സൗകര്യങ്ങൾ ഞങ്ങളുടെ സ്കൂളിൽ ഇല്ല. അതിനാൽ നിങ്ങൾ അവനെ ഇവിടെ നിന്ന് കൊണ്ടുപോകണം ഡയറി മടക്കിവെച്ച് അമ്മ ആ കുഞ്ഞിനോട് പറഞ്ഞു ; ഇനിമുതൽ നീ വീട്ടിൽ നിന്ന്പഠിക്കാൻ പോകുകയാണ് നിന്നെ ഞാൻ കഴിയുന്നതുപോലെ പഠിപ്പിക്കും. തൻറെ തുച്ഛമായ വരുമാനം കൊണ്ട് വീട്ടിൽ തന്നെ മകന് വേണ്ടി അമ്മ ഒരു പരീക്ഷണശാല ഒരുക്കിക്കൊടുത്തു . പരീക്ഷണങ്ങൾ നടത്തി ആ കുഞ്ഞു വളർന്നു.1098 കണ്ടുപിടുത്തങ്ങൾ നടത്തി ലോകത്തിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞൻ എന്ന അക്യാതി നേടിയ തോമസ് ആൽവാ മെഡിസിൻ ആയിരുന്നു ആ ബാലൻ. മനുഷ്യ ജീവിതത്തെ തന്നെ മാറ്റിമറിച്ച ഒട്ടേറെ കണ്ടെത്തലുകളുടെ പിതാവ്. അമ്മയുടെ മരണശേഷം അമ്മയുടെ മുറി എഡിസിൻ പരിശോധിച്ചപ്പോൾ ആ പഴയ ഡയറി കിട്ടി. അതിൽ എഴുതിയത് ഇങ്ങനെയായിരുന്നു. നിങ്ങളുടെ മകന് ബുദ്ധിമാന്ദ്യം ഉണ്ട് അവന് ആവശ്യത്തിനുള്ള ബുദ്ധി ഇല്ലാത്തതുകൊണ്ട് ഈ സ്കൂളിൽ പഠിപ്പിക്കാൻ സാധ്യമല്ല. ആയതിനാൽ എഡിസിനെ നിങ്ങൾ*

## *Dreams*

*ഈ സ്കൂളിൽനിന്ന് മാറ്റേണ്ടതാണ് എഡിസിൻറെ കണ്ണുകൾ നിറഞ്ഞൊഴുകി. തോമസ് ആൽവ എന്ന ശാസ്ത്രജ്ഞൻ ലോകത്തിനുമുന്നിൽ എഴുന്നേറ്റു നിന്നതിൻറെ കാരണം അവൻറെ അമ്മയായിരുന്നു ആ അമ്മയുടെ വാക്കുകൾ ആയിരുന്നു*

" വാക്കുകൾക്ക് അഗ്നി കളുടെ കരുത്തുണ്ട്.

ഒരാളെ വളർത്താനും തളർത്താനും കഴിവുണ്ട്"

By
Fathima murshitha .c
VIII-F





## രാത്രിയുടെ നക്ഷത്രം

*തിന്നാൻ ഭൂമിയിൽ*

*നാം കൊടുത്ത*

*ഒരു ജീവൻറെ തുടിപ്പുമില്ല ;*

*മാനംമുട്ടെ ജീവൻ മാത്രം .*

*ദാരിദ്ര്യം തീണ്ടി ജീവി -*

*തത്തിൻറെ **പാളികൾ***

*മുന്നിലേക്ക് നയിക്കുന്ന*

*ആഗ്രഹ വിഗ്രഹങ്ങളെ*

*നിങ്ങൾ ഓർക്കുക*

*ദാരിദ്ര്യം അതൊരിക്കലും*

*അനുഭവിച്ചവർക്ക് അത് ;*

*പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ല .*

by
Jyolsna.tp
VIII-A

# ഒന്നും മനപ്പൂർവ്വമല്ല



മധ്യവേനൽ അവധിക്കാലം അനുഗ്രഹിച്ചു തന്ന സമ്മർദ്ദ കുറവിന്റെ ലാഘവത്തിലായിരുന്നു ആ രാത്രിയിൽ ഞാൻ. അലക്ഷ്യമായി വാട്സ്ആപ്പ് മെസ്സേജുകളിൽ കണ്ണോടിച്ചു കൊണ്ടിരുന്നപ്പോഴാണ് എന്റെ മൊബൈലിൽ ആ വിളിയെത്തുന്നത്. പേര്തെളിയാത്ത നമ്പറിന്റെ അപരിചിതത്വം ഉണർത്തിയ സന്ദേഹത്തോടെ വിളികേൾക്കാൻ തയ്യാറായപ്പോൾ അപ്പുറത്തുനിന്നൊരു സ്ത്രീ ശബ്ദം കേട്ടു. എന്റെ പേര് ചോദിച്ചുറപ്പുവരുത്തിയ ശേഷം അവർ സ്വയം പരിചയപ്പെടുത്തി.'' ടീച്ചർ പഠിപ്പിച്ച കുട്ടിയായിരുന്നു ഞാൻ. എന്റെ പേര് ഫാത്തിമ''. പൂർവ്വ വിദ്യാർത്ഥികളോടുള്ള പതിവ് ചോദ്യം ഞാൻ ചോദിച്ചു.'' ഏതു കൊല്ലം ?''1997 ലാണ് ഞാൻ SSLC കഴിഞ്ഞത്''. കാലപ്പഴക്കം കണക്കു കൂട്ടിയപ്പോൾ ഓർമ്മയുടെ പിന്നാമ്പുറങ്ങളിൽ തിരയാൻ ഞാൻ വല്ലാതെ മിനക്കെട്ടില്ല. പക്ഷേ ആളാരായിരുന്നാലും പതിനെട്ടുവർഷം കഴിഞ്ഞ് എന്നെ വിളിക്കുന്നതിന്റെ കാരണത്തെ കുറിച്ചറിയാൻ എനിക്ക് കൗതുകം തോന്നി.'' എന്താ കാര്യം ? എന്റെ നമ്പർ എവിടെനിന്നു കിട്ടി?''

'' കുറേ മെനക്കെട്ടിട്ടു കിട്ടിയതാണ്.'' അവളത് സംഘടിപ്പിച്ച സാഹസിക കഥ വിവരിച്ചപ്പോൾ എന്റെ ഉദ്വേഗം വർധിച്ചു . പതിഞ്ഞ ശബ്ദത്തിൽ അവൾ തുടർന്നു.'' ടീച്ചർ ഓർക്കുന്നുണ്ടോ

എന്നെനിക്കറിയില്ല, അന്നത്തെ പത്താംതരം c ക്ലാസിൽ കുറേദിവസം നായ്ക്കുരണ പൊടി വിതറിയ ഒരു സംഭവം". " ആ... ആ.." അദ്ധ്യാപന ജീവിതത്തിനിടയിൽ നേരിട്ട് കണ്ടതും, അനുഭവിച്ചതുമായ കുട്ടിയുടെ കുരുത്തക്കേടുകൾ പലതും മാറുന്നു തുടങ്ങിയെങ്കിലും ആ സംഭവം എനിക്കു പെട്ടന്ന് ഓർത്തെടുക്കുവാനായി. കുറ്റാന്വേഷണ കലയിലെ എന്റെ ആത്മവിശ്വാസത്തെ വളർത്തിയ സംഭവമെന്ന് നിലയിലായിരുന്നു അതെന്തേ ഓർമ്മയിൽ പച്ച പിടിച്ചു നിന്നിരുന്നത്. പഠിതാക്കളുടെ അലമ്പും അച്ചടക്കരാഹിത്യവും വിദ്യാലയം തിരിച്ചറിയാൻ അന്തരീക്ഷ വിദ്യാലയന്തരീക്ഷം കലുഷിതമായിരുന്ന കാലം. ആർക്കും വേണ്ടാത്ത തലതെറിച്ച പിള്ളാരെ നട തള്ളിയിരുന്ന എന്റെ സ്കൂളിലെ അച്ചടക്കം നിലനിർത്താൻ സഹപ്രവർത്തകർക്കൊപ്പം ഞാനും അരയും തലയും മുറുക്കി ക്ലാസ് മുറികളും വരാന്തകളും അടക്കി വാണിരുന്ന കാലം. പൊക്കക്കുവിന്റെ അപകർഷത ചൂരൽ തുമ്പിലെ ശൗര്യം മയി പരിണമിപിച് തല്ലി മുറിവേൽപ്പിച്ച കൈവെള്ള കളും, തുടകളും . ഇന്നതോക്കെയോർക്കുമ്പോൾ നെഞ്ചിനുള്ളിൽ വല്ലാത്തൊരു നീറ്റലാണ്

അതൊരു ജൂലൈ മാസമാണെന്നാണെന്റെ ഓർമ്മ. നിത്യവും രാവിലെ കുട്ടികൾ ക്ലാസ്സിൽ എത്തുമ്പോൾ ബെഞ്ചില് ,ഡെസ്കിലുമെല്ലാം നായ്ക്കുരണ പൊടി വിതറിയിട്ടുണ്ടാകും ചൊറിഞ്ഞു വീങ്ങിയ പിള്ളർ ബെഞ്ച്, ഡസ്കുമൊക്കെ പുറത്ത് കൊണ്ടുപോയി കഴുകി വൃത്തിയാക്കി വരുമ്പോഴേക്കും പാതി ദിവസം കഴിഞ്ഞിരിക്കും. കുറ്റവാളികളെ കണ്ടെത്താൻ ഞാനും, ഇന്ദിരാ ഭായി ടീച്ചറും പഠിച്ച പണി പതിനെട്ടും നോക്കി.

പ്രലോഭനത്തിൽ പുരട്ടിയ സാമവും, പുറത്താക്കൽ ചുവയുള്ള ഭേദവും ഫലംകണ്ടില്ല . ചാരന്മാരെ ഉപയോഗിച്ചുള്ള ഒളി നിരീക്ഷണവും പരാജയപ്പെട്ടു. സംഭവം പതിവായതോടെ ഞങ്ങളുടെ ക്ഷമ യറ്റു. ചെറുപ്പത്തിന്റെ തിളപ്പിലേക്ക് ഇരമ്പിപ്പെയ്ത പരാജയത്തിന്റെഅപമാന വർഷം എന്റെ അഹം ബോധത്തിനുമേൽ കുത്ത് ആഘാതമായി. അകമേ അമർഷം അശനിപാതം പോലെ അത് ശാപവാക്കുകളായി കുട്ടികളുടെമേൽ നിർലോഭം ചെരിഞ്ഞു. ഇത് ചെയ്തവ നാരായിരുന്നാലും അവൻ ഒരിക്കലും ഗുണം പിടിക്കില്ല. ഉള്ളിലെ ഈർഷ്യ ആറിത്തണുക്കുവോളം ആവർത്തന മന്ത്രം പോലെ പലവുരു കുട്ടികൾക്ക് മുമ്പിൽ ഞാൻ കലമ്പി." ഹലോ......". ഓർമ്മയുടെ വെള്ളിത്തിരയിലെ അശാന്തി പർവ്വം റിവൈൻഡ് ചെയ്തെടുക്കുമ്പോൾ പുറത്തുനിന്നും ഹലോ വിളികളുടെ ആവർത്തനം. എന്റെ നിശബ്ദത ഫോൺ വിളി കട്ടായതായി അവൾക്ക് തോന്നിച്ചിരിക്കും." ഇല്ല............ ഇല്ല........... ഞാൻ കേൾക്കുന്നുണ്ട്". " അന്നത് ചെയ്തത് ഞാനായിരുന്നു ടീച്ചറേ." അവളുടെ ശബ്ദത്തിന്റെ ഇടർച്ച ഞാനറിഞ്ഞു." അന്ന്ടീച്ചർ പറഞ്ഞത് നേരായി . ഞാനൊരിക്കലും ഗുണം പിടിച്ചില്ല. പഠിപ്പ് മുഴുവനാക്കാതെ എന്റെ കല്യാണം കഴിഞ്ഞു. ഞങ്ങളെ നിത്യ ദുരിതത്തിലാക്കി എന്റെ ഭർത്താവ് ചെറുപ്പത്തിലേ മരിച്ചുപോയി. രണ്ടുകുട്ടികളുമായി ജീവിതം ജീവിതം മുന്നോട്ട് നീക്കാൻ ഞാൻ പെടാപ്പാട് പെടുകയാണ്". അത് മുഴുമിക്കാനാകാതെ അവൾ തേങ്ങിക്കരഞ്ഞു." ഇത്തിരി സമാധാനത്തിനു വേണ്ടിയാണ് ഞാനിപ്പോൾ ടീച്ചറോട് ഇത് പറയുന്നത്. ഇനിയുമിത് മറച്ചുവെക്കാൻ എനിക്കാവില്ല ടീച്ചർ". ഒരു നിമിഷം ഞാൻ

സ്തബ്ദയായി. എന്റെ ഉച്ഛ്വാസത്തിന്റെ ചൂട് അസഹനീയമായി എനിക്കു തോന്നി. മറുപടി പറയാൻ വാക്കുകൾ കിട്ടാതെ ഞാനുഴറി. കരച്ചിലിനൊടുക്കം അവൾ പറഞ്ഞു.'' ടീച്ചറെന്നോട് ക്ഷമിക്കണം.'' '' സാരമില്ല മോളെ, അതൊന്നും വേണം ച്ചിട്ട് പറഞ്ഞതല്ല. അന്നത്തെ ദേഷ്യത്തിന് എന്തൊക്കെയോ പറഞ്ഞെന്നുമാത്രം അതുകൊണ്ടൊന്നുമല്ല നിനക്കിങ്ങനെയൊക്കെ വന്നത്. അതൊക്കെ ഓരോരുത്തരുടെ വിധിയാണ്''. എന്റെ വാക്കുകൾക്ക് അവളെ ആശ്വസിപ്പിക്കാനായോ എന്തോ?RMSA യുടെ മാനേജ്മെന്റ് കോഴ്സുകളിൽ കുട്ടികൾക്ക്മേൽ ഒരു സാഹചര്യത്തിലും ശാപവാക്കുകൾ ചൊരിയരുതെന്ന് പറഞ്ഞു തരുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത് കണ്ണീരിൽ കുതിർന്ന ഈ കുമ്പസാരമാണ്. ഗുരു ദൈവമാണെന്നും, അധ്യാപകൻ പ്രവാചകനാണെന്നും വിദ്യാർത്ഥി കരുതുമ്പോൾ ഗുരുവിന്റെ ശാപം ഫലിക്കുമെന്ന് അവർ വിശ്വസിക്കുന്നു. അധ്യാപകന്റെ വികാരവിക്ഷോഭങ്ങൾ താൽക്കാലികമാണെന്ന് അവൻ സ്വയം കരുതുമെങ്കിലും ഞാൻ ഭയക്കുന്നു. ഉടലെടുത്ത ആയുധം പോലെ, തിരിച്ചെടുക്കാനാവാത്ത ശാപ വാക്കുകളൊക്കെയും ഇപ്പോൾ എന്റെ മനസ്സിന്റെ സ്വാസ്ഥ്യം കെടുത്തുന്ന ഓർമ്മ ളായി തീർന്നിരിക്കുന്നു. തെല്ല നീണ്ട നിശബ്ദതക്കൊടുവിൽ ഞങ്ങളുടെ ഫോൺ ഭാഷണം നിലച്ചു. അവളെ ആശ്വസിപ്പിക്കാനോ, എന്നെ സ്വയം ബോധ്യപ്പെടുത്താനോ എന്നറിയില്ല ഒരാവർത്തികൂടി ഞാൻ പറഞ്ഞു, ഒന്നും, മനപൂർവ്വമായിരുന്നില്ല കുട്ടീ, അപ്പോഴത്തെ ദേഷ്യത്തിന് പറഞ്ഞുവെന്നല്ലാതെ..................**..by**

***Vranda kumari.K.T H.M(gvhss)***

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# വിജനമീ രാത്രി



വിജനമീരാത്രിയിൽഒറ്റക്കിരുന്നുനീ

തേങ്ങുന്നുവോ പൈതലേ.....

എൻമാറിൽലൊട്ടിക്കിടന്ന നീ തേങ്ങുമാ

രാവിനെ നീയേർത്തുവോ ....

ഇന്നനീയെങ്ങുപോയിയെൻപൈതലേ.

എന്നോടൊരുവാക്കുരുവിടാതെ

എങ്ങനിതേടേണ്ടതിന്നുഞാൻ നിന്നെ യീ

വിജനമീ രാവിന്നിടവഴിയിൽ

ഇന്നനിൻഓർമ്മകൾ മാത്രം തുളുമ്പുന്ന

പൂച്ചുംബനത്തിൻെ ഓർമ്മമാത്രം

ഇളം കാറ്റിനുംയാ ഗന്ധം മാത്രം

(വിജനമീ രാത്രി...)

by
Adiythya.c
X-C



## സ്നേഹമാം മന്ത്രം

കാലം അതിൻറെ അദൃശ്യ ലോകത്തേക്ക്

യാത്ര തുടരുന്നു......

ഈ നൈമിഷിക ലോകത്ത് അതിൻറെ -

അന്ത ! സത്തയായ സ്നേഹത്തിനുവേണ്ടി-

വേഴാമ്പലിനെ പോലെ കേഴുന്ന നാം .

എവിടെയും കലഹം , പരസ്പര വിദ്വേഷം,

സ്ത്രീ മാനഭംഗങ്ങള പതിവു പല്ലവി .......

ഒരു ജാതി ഒരു മതം ഒരു ദൈവമെന്നു -

നാം നിത്യവും മോദി പഠിച്ചു - എന്നാൽ

മതങ്ങളിൽ തന്നെ വിവിധ ചേരിയായി തിരിഞ്ഞു .

ജാതി നോക്കി തീയിൽ വെന്തെരിഞ്ഞു പല വീടുകൾ

പെറ്റമ്മയെ നിർഭയം തെരുവിലേക്ക് എറിഞ്ഞു ....

വൃദ്ധസദനങ്ങളിൽ അവരുടെ തേങ്ങലുകൾ വിങ്ങി .....

ഒന്നിച്ചിരുന്നു ഉണ്ടുഉറങ്ങിയിരുന്ന നാം-

## *Dreams*

*ചിഹ്നം ചിഹ്നമായി ദൂരേക്ക് മാറി.*

*എങ്ങാനും കണ്ടുമുട്ടുമ്പോൾ പോലും*

*പുഞ്ചിരി പാടെ മായ്ക്കാൻ ശ്രമിച്ചു .....*

*ഇനിയും എന്നു നാം കൺതുറക്കും ?*

*നമ്മുടെ ഹൃദയങ്ങൾ എന്നു സ്നേഹാർദ്രം ആകും ?*

*കാത്തിരിക്കാം നമുക്ക് നല്ല നാളെയ്ക്കായി ......!*

*പ്രാർത്ഥിച്ച് ഡാം നമുക്ക് കൈ കോർത്തിടാം .....*

*സ്നേഹമാം മന്ത്രം ഉയരട്ടെ പാരിൽ*

*സമാധാനം എന്നും വാഴട്ടെ മണ്ണിൽ.*

**by**
**Hiba mahrin .m.p**
**IX-B**

## ഓർമകളുടെ നിഴലിൽ



ഇല്ലത്തെ മുറ്റത്ത് ഇരിക്കുന്ന കുഞ്ഞിനാം

ചെറുപുഞ്ചിരിയാം കണ്ടു നിൽക്കവേ

ഓമനത്താർ തുറന്ന മനസ്സിൻറെ

കോണിൽ ഇരിക്കും നേരം

ആ സ്നേഹ താളിൻറെ തലോടലിൽ

ദുഃഖമെല്ലാം മനസ്സിൽ നിന്നു മായവേ

ഒരു നോക്കു പോലും നോക്കാതെ

നീ മറഞ്ഞു പോകവേ

മനസ്സിൻറെ ദുഃഖമായി പേറി നടന്ന ഏറെക്കാലം

ഇന്നെൻറെ മനസ്സിൻറെ താളിൽ നിറയെ ദുഃഖങ്ങൾ

മാത്രം ബാക്കിയാക്കി നീ പോയി

വീണ്ടുമൊരു കുടിക്കാഴ്ചതൻ

ജീവിതം മാറ്റിമറിക്കുമോ?

ഈ രംഗം മനസ്സിൻറെ കോണിൽ

മായാതെ കിടക്കുന്നുവോർത്തോളം

ഓർമ്മകൾ എന്നെ നിഷ്കളങ്കമായി മൂടുന്നു

## *Dreams*

*ഇന്നെൻറെ മായാതെ കിടക്കുന്ന ഓർമ്മകൾ*

*നിൻ ജീവിതം മാറ്റിമറിക്കുമോ?*

*നീയെൻറെ ഓർമ്മയിൽ ജീവിക്കരുതേ*

*പ്രിയനെ നിനക്കായി ഞാൻ ജീവിതം കരുതീടാം*

*എന്നെ തനിച്ചാക്കി നീ*

*കാണാമറയത്തേക്ക് പോയില്ലേ*

*താഴേയ്ക്ക് ഇനിയുള്ള ജീവിതമെൻ*

*ഉണ്ണിക്കായി മാറ്റിവയ്ക്കാം (3)*

**by**
**Anaswara.k**
**VIII-C**

## സന്ധ്യ



*പകലിനെ മായ്ക്കുന്ന സന്ധ്യേ*

*നിന്നുടെ കരങ്ങൾ ഇരുളിനെ*

*ഏറ്റുവാങ്ങാൻ മുതിരുന്നുവോ*

*നീ അറിയുന്നില്ലേ നിന്നുടെ അന്ത്യം*

*ഇരുട്ടും പ്രകാശവും ഇടകലർന്ന*

*നിന്നുടെ ജന്മം ശ്രേഷ്ഠമീ ജന്മം !*

*പകലിനെ പടിയിറക്കി രാവിനെ*

*പ്രണയിച്ച് നിന്നുടെ ജന്മം*

*വെളിച്ചമില്ലാതെ പോയല്ലോ*

*രാവിനെയും പകലിനെയും*

*ഒരുപോലെ പ്രണയിച്ച*

*നിന്നുടെ പ്രണയം*

*സഫലമായോ? അതോ ഇരുൾ കവർന്നോ?*

**by**
**Soorya gayathri**
**X-A**



## ഓർമ്മയുടെ ഓർമ്മകൾ

"വരിയിൽ നിൽക്കൂ കുട്ടികളെ" ടീച്ചറുടെ നിർദ്ദേശം. അത് കേൾക്കാതെ നിൽക്കുന്ന കുട്ടികൾ. ടീച്ചർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ലീഡറെ വിളിച്ചുവരുത്തി വഴക്കുപറഞ്ഞു. പെൺകുട്ടികളുടെ വരി നീങ്ങിപ്പോയി. പക്ഷേ ആൺകുട്ടികളുടെ വരി നീങ്ങുന്നില്ല. ടീച്ചർ കാരണം തിരക്കിയപ്പോൾ ക്ലാസ്സിൽ രണ്ട് ലീഡറുണ്ട് അതിൽ ആരാണ് ലീഡറായി നിൽക്കുകയെന്നാണ്. ഒടുവിൽ ജെ.ആർ.സി യൂണിഫോം അണിഞ്ഞ ആദിലിനെ ടീച്ചർ ലീഡറാക്കി. വരി നീങ്ങി അസംബ്ലി ഹാളിൽ എത്തിയപ്പോൾ കുട്ടികളുടെ തിരക്ക്. തിരക്കിനിടയിൽ ഒരുവിധത്തിൽ മുന്നിലെത്തി. അസംബ്ലി നടക്കുകയാണ് കുറെകഴിഞ്ഞപ്പോൾ ഒരു കുട്ടി തലകറങ്ങിവീണു. എല്ലാവരുടെയും ശ്രദ്ധ അതിൽ ആയപ്പോൾ പ്രധാന അധ്യാപിക കുട്ടികളോട് നിശബ്ദരാക്കാൻ പറഞ്ഞു. ആര് കേൾക്കുന്നു ആര് അനുസരിക്കുന്നു. പ്രധാന അധ്യാപികയുടെ വാക്കിൻ ഒരു വിലയും കൊടുക്കാതെ കുട്ടികൾ അവിടേക്ക് നോക്കാൻ തിടുക്കം കാണിച്ചു. പ്രധാന അധ്യാപികക്ക് ഉള്ളിൾ വിഷമുണ്ടെങ്കിലും പുറത്ത് കാണിച്ചില്ല. അസംബ്ലി കഴിഞ്ഞു കുട്ടികൾ ക്ലാസ്സിലേക്ക് മടങ്ങി. ക്ലാസ്സിലെ വലുപ്പത്തിൽ ചെറുതിൽ നിന്ന് രണ്ടാമനായ ഞാൻ ഒരുവിധത്തിൽ ക്ലാസിലെത്തി. എന്റെ ബെഞ്ചിൽ ഇരിക്കുന്ന നാലുപേരും അത്യാവശ്യത്തിന് പഠിക്കും. ഞങ്ങളുടെ ബെഞ്ചിൽ അഞ്ച് കുട്ടികളുണ്ട്. അതിൽ മിടുക്കൻ എന്ന് എനിക്ക് പറയാവുന്നത് ഞങ്ങളുടെ ക്ലാസിലെ മികച്ച പഠിപ്പിസ്റ്റ് ആകുന്ന

## *Dreams*

*ഒരാളായ ഫഹീം ആണ്. എൻറെ ആഗ്രഹം ഒന്നാണ്. എന്റെ ഉപ്പയുടെ ആഗ്രഹം സാധിക്കുക എന്നതാണ്. അതിന് ഫഹീമിനെ പോലെയുള്ള അഞ്ചോ നാലോ പേര് വേണം. ഇത് പറയുമ്പോൾ ഓർമ്മവരുന്നത് എന്റെ കൂടെ കഴിഞ്ഞ വർഷം പഠിച്ച് ഹാത്തിം, നിഹാൽ, മുബഷിർ, റിഫാൻ, ജസീൽ ഇവരെ പോലെ പഠിപ്പിൽ മിടുക്കരായ കുട്ടികളെയാണ് എനിക്ക് വേണ്ടത്. അവരുടെ കൂടെ കഴിഞ്ഞ നാളുകൾ അത് എൻറെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒന്നാണ്. അവർ ഞാൻ പഠിക്കുന്ന സ്കൂളിൽ ഉണ്ടായിരുന്നെങ്കിലും എൻറെ ക്ലാസിലെല്ലായിരുന്നു. ഞാൻ എന്റെ ക്ലാസിലിരിക്കുമ്പോൾ എന്റെ മനസ്സ് ഇവരുടെ ക്ലാസിലായിരുന്നു. പക്ഷേ എന്റെ ക്ലാസ്സിനെ ഞാൻ മോശമാകുന്നില്ല. അതും നല്ല ക്ലാസ്സ് തന്നെയാണ്. പക്ഷേ എന്റെ കൂടെ എല്ലാത്തിനും നിന്ന് തരാൻ നാഫിഹ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവനാണ് എല്ലാ വർഷവും എന്റെ കൂട്ടിനുണ്ടാകുന്നത് L.K.G യിൽ നിന്ന് തുടങ്ങിയ ബന്ധം 8ാം ക്ലാസ് വരെ കൈവിടാതെ നിർത്താൻ എനിക്ക് നാഫിഹ് മാത്രമേ ഉള്ളൂ. അടുത്തവർഷം പുതിയ ജീവിതം കാരണം ക്ഷമിക്കുന്നവരോടൊപ്പം ക്ഷമിക്കാനും പഠിക്കുന്നവരോടൊപ്പം പഠിക്കാനുമാണ് എനിക്കിഷ്ടം.ആ ജീവിതം നമ്മുടെ വലിയ ജീവിത വിജയത്തിന് കാരണമാകും.*

by
Muhammed amjad.p.p
VIII-J




# വായന

*നിവർന്നു കിടക്കുന്ന*

*പുസ്തകത്തിൻറെ നെഞ്ചിൽ*

*കണ്ടുഞാൻ ജീവിത വഴി*

*വരികളിൽ കനിയുന്ന*

*മധുരത്തിൽ സ്വാവാദിൻറെ*

*അറിയുന്നു ഞാനെൻ*

*ദൗത്യവും കർമ്മവും*

*മറവി പാപമെന്ന പാഠവും*

*പേറി സഹയാത്രികനാക്കി*

*ഞാനെൻ പുസ്തക കൂട്ടത്തെ........*

**by**
**Fathima murshida**
**VIII-F**

## കണ്ണുവേണമിരു പുറമെപ്പോഴും

*ഈ കുഞ്ഞു പുല്ലിന്*

*വേനലിനെ*

***അതിജീവിക്കാനാവുമോ ?***

***കൊന്നമമ്മേ,***

*വെയിലിനെ ഉരുക്കി*

*സ്വർണമാക്കി*

*കാതിലണിയുന്ന പണി*

*അതിനെ പഠിപ്പിക്കണെ*

*ഉങ്ങു മരമേ*

*വേനലിനെ എടുത്ത്*

*കുളിർ തൊപ്പിയാക്കി*

*തലയിൽ വെയ്ക്കുന്ന കളി*

*അതിനെ ശീലിപ്പിക്കണേ*

***അല്ലെന്നാൽ,***

*ചെറുതല്ലേ എന്ന് വെച്ച്*

*വേനൽ അതിനെ     പച്ചക്ക് തിന്നുകളയും*

**by**
**Irfan**

## ചീത്ത മനുഷ്യനും നല്ല മനുഷ്യനും



ഒരിക്കൽ ഒരു ഗുരു അമ്മേ പത്തുപേരെ വിദ്യ അഭ്യാസിപിച്ചിരുന്നു. എന്നാൽ അവരിൽ ഒരുവൻ തീരെ ചീത്തയായിരുന്നു. അവന്റെ പേര് രാമു. അവൻ ഗുരുവിനെ അനുസരിക്കില്ല. സഹപാഠികളെ ചീത്ത പറയും. ഇടക്കിടെ അവരെ തല്ലുകയും ചെയ്യുമായിരുന്നു. മറ്റ് ഒമ്പത് ശിഷ്യന്മാരും ഗുരുവിനോട് രാമുവിനെപ്പറ്റി പരാതി പറഞ്ഞു. എന്നിട്ടും ഗുരു അവനെ ശിക്ഷിച്ചില്ല. രാമു അവന്റെ ഉപദ്രവങ്ങളെ തുടർന്നു.

*ഗതികെട്ട മറ്റ ശിഷ്യന്മാർ രാമുവിനെ പുറത്താക്കിയാൽ ഇനി ഇവിടെ പഠനം തുടരൂ എന്ന് ഗുരുവിനോട് ചെന്നു പറഞ്ഞു.*

*രാമു ശുദ്ധനാണ്. അവൻ താൻ ചെയ്യുന്നത് തെറ്റാണെന്ന് മനസ്സിലായിട്ടല്ല ചെയ്യുന്നത്.അതിനാൽ ഞാൻ ഇപ്പോൾ അവനെ ഇവിടെനിന്ന് പറഞ്ഞയക്കില്ല. ഗുരു തന്റെ നിശ്ചയം അവരെ അറിയിച്ചു.*

*അവർ സങ്കടത്തോടെ തിരിച്ചുപോയി. അവരിൽ ചിലർ ചെന്ന് രാമുവിനോട് ഉണ്ടായസംഗതിയെല്ലാം പറഞ്ഞു. വിവരം കേട്ടപ്പോൾ രാമുവിന് തന്റെ തെറ്റുകൾ മനസ്സിലായി. അവന് സങ്കടം വന്നു. അവൻ കരഞ്ഞുപോയി.*

*അവൻ ചെന്ന് ഗുരുവിനോട്തന്റെ തെറ്റുകൾ സമ്മതിച്ചു. ഇനി ആരെയും ഉപദ്രവിക്കയില്ലെന്ന് രാമു ഗുരുവിന് വാക്കുകൊടുത്തു. പറഞ്ഞ പ്രകാരം അന്നുമുതൽ അവൻ ഗുരുവിനെ അനുസരിച്ചും സഹപാഠികളെ സഹായിച്ചും കഴിഞ്ഞുകൂട*

***by Anu.mp***

**IX-A**





## സ്വർഗ്ഗത്തിലെ ഭാഷ

ഒരിക്കലെൻ മുന്നിലൊരുവൾ വന്നു -

തൊണ്ടെന്തൊക്കെയോ പിറുപിറുത്തു,

അറിയില്ലെങ്കിലും ഞാനറിയാത്തക്ക വിധത്തിൽ

മുൻപിൽ നിന്നു കൊടുത്തു.

വാക്യമാം പൊരുളറിയാതെ അവളിൽ

ഞാൻ ചേർന്ന് ചിരിച്ചു......

പിന്നീടാണെൻ തലച്ചോറും മനവും ആ

ഭാഷയിലേക്ക് രണ്ട് നിമിഷത്തിന്റെ യാത്ര പോയത്

തിരിച്ചു വന്നപ്പഴൻ യാത്രക്കാർ,

മെല്ലെ എൻ കർണത്തിൽ മൊഴിഞ്ഞു;

അത് സ്വർഗ്ഗത്തിലെ ഭാഷയാണ് !

മനോഹരവും മാന്ത്രികവുമായ

സ്വർഗ്ഗത്തിന്റെ സ്വന്തം ഭാഷ !

അർത്ഥമൊട്ടും തിരിഞ്ഞെല്ലെങ്കിലും,

## Dreams

ഭാഷയുടെ മികവിൽ ഞാൻ താഴ്ന്ന.

ഞാനോർത്തു; വിണ്ണിലെ രാജ്യസഭക്കിത്രയും

നല്ല ഭാഷയോ?!!

യാത്ര കഴിഞ്ഞു തിരിച്ചെത്തി വിശ്രമിക്കുന്ന

തലച്ചോർ പെട്ടെന്നൊരുവിട്ടു;

ഇത് നീതിമാന്മാരുടെ ഭാഷയാണ്

അവരുടെ ദേശത്തിന്റെ സ്വന്തം!

മണ്ണിലെയെൻ രാജ്യസഭയിൽ കാൺക

പ്രയാസമാം ഭാഷ!!

ഇത്രയും മൊഴിഞ്ഞെൻ തലച്ചോർ

വീണ്ടും സ്വയം വിശ്രമം തുടങ്ങി.....

പക്ഷേ ഒരു ശലഭം പറക്കുംവിധം

എൻ മനം എന്നെ വിട്ടകന്നുപോയി

കൈയെത്താ ദൂരത്തിൽ, നോക്കിനിൽക്കാണേ

അത്രയൊള്ളൂ എനിക്ക്.....

**by Shamila**
**VIII-A**

## മുഖംമൂടി

*" ഈ വിജയം പ്രതീക്ഷിച്ചതാണോ? കവിളെല്ലുന്തിയ കഴുത്തു നീണ്ട ചാനൽ പ്രതിനിധി വീണ്ടും ചോദിച്ചു ഇത്തിരി അരിശം വന്നെങ്കിലും കൃത്യമ ചിരിയോടെ ശേഖരൻ പറഞ്ഞു.*

*ഓഫ്കോഴ്സ്. ഒന്നാം റാങ്ക് പ്രതീക്ഷിച്ചില്ലന്നേയുള്ളൂ. ആദ്യത്തെ അഞ്ച് റാങ്കിനുള്ളിൽ വരുംന്ന് ഒറപ്പായിരുന്നു ആയാൾ പിന്തുണയ്ക്കുന്നവണ്ണം സ്നേഹജയെ നോക്കി. സ്നേഹജ പുഞ്ചിരിയോടെ തലകുലുക്കി. അവൾ ആവശ്യത്തിലേറെ മെയ്ക്കപ്പ് ഉപയോഗിച്ചിട്ടുണ്ടെന്ന് ശേഖരന് തോന്നി. മുഖത്തിനൊരു ചാരനിറം വന്നതുപോലെ.*

*സെറ്റിയിൽ ഇരുന്ന ഗായത്രി ശേഖരന്റെ നേരെ ക്യാമറകൾ മിന്നി കൊണ്ടിരുന്നു. അകത്തളങ്ങളിൽ കാഴ്ചകാണാൻ കുടുംബാംഗങ്ങളും അയൽവാസികളും. ഗായത്രിക്ക് ഉറക്കം വരുന്നുണ്ടായിരുന്നു. തലക്കൊരു മാന്ദ്യം. കേരള മെഡിക്കൽ എൻട്രൻസിൽ ഒന്നാം റാങ്ക് അത്ര വലിയ സന്തോഷം ഒന്നും തന്നിൽ ഉണ്ടാക്കിയില്ലെന്ന് അവൾ അതിശയത്തോടെ ഓർത്തു. കാർപോർച്ചിന് അറ്റത്ത് രാധുവിന്റെ തല കണ്ടത് ഗായത്രി ചാടിയെണീറ്റു. മീഡിയക്കാരോട് ഒരു എക്സ്ക്യൂസ്മീ കാച്ചി അവർ പോർച്ചിലേക്ക് ഓടിച്ചെന്നു.*

*" നിൻറെ വേഷം സൂപ്പർ, വേഷം അതിലേറെ സൂപ്പർ. തെയ്യം കെട്ട്യ പോലലണ്ട്. കളിയാക്കികൊണ്ട് രാധു അവളുടെ കരം കവർന്നു.*

*രാധുവിന്റെ കരങ്ങളിലൂടെ സ്നേഹത്തിന്റെ ഒരു വലിയ*

തിരത്തന്നെ തന്നിലേക്ക് പടർന്നുകയറിയതായി ഗായത്രിക്ക് തോന്നി. ക്ഷീണം പമ്പ കടന്ന് തീവ്രമായ ഊർജ്ജസ്രോതസ്സ് സിരകളിലൂടെ പ്രവഹിക്കും പോലെ........

എൻട്രൻസിന്റെ തിരക്കും ടെൻഷനും കഴിഞ്ഞില്ലേ..... ഒപ്പം റാങ്കും കിട്ടി...... ന്ന്ട്ടും നെന്റെ മുഖത്തെന്താ ഒരുഷാറുകമ്മി..... നെന്റെച്ഛൻ MD യ്ക്കുള്ള കോച്ചിംഗ് തുടങ്ങിയോ..... നെന്റെമുഖം കാണണം, കണ്ണും കുഴിഞ്ഞ് എല്ലും ചൊന്തി...... തീറ്റേം കുടിം ഒന്നുല്ല്യേ .....

"ഇന്റേം കൂടി തടി നെനക്കുണ്ടല്ലോ"... കളിയോടെ ഗായത്രി രാധുവിന്റെ കവിളിൽ നുള്ളി. ഉണ്ടക്കവിൾ തുടച്ച് രാധു പറഞ്ഞു നെന്റെച്ഛൻ അവിടുന്ന് കണ്ണുരുട്ട്ണ്ട്. പൊയ്ക്കോ ഞാൻ അച്ഛന്റൊപ്പം തോട്ടിൽക്ക് പോവ്വാ.... ഒരുപാട് അലക്കാന്ണ്ട്.... അമ്മക്ക് രണ്ടീസായിട്ട് വയ്യേയ്....."

വലിവ് പിന്നീം തൊടങ്ങ്യോ...."

അതെടക്കെടക്ക് വര്ണതല്ലേ... വിര്ന്നാര് വരണ പോലെ... ഈ പ്രാവശ്യം പക്ഷേ പോണൊരു കൂട്ടല്ല്യ ...ഞാൻ പോട്ടെ ഒന്നാം റാങ്കേ... ചെലവ്ണ്ട് ട്ടോ"

"മ്മക്ക് രണ്ടാൾക്കും കോഴിക്കോട് കിട്ട്യാ മത്യാര്ന്നു" ഗായത്രി പറഞ്ഞത് കേട്ട് രാധു ചിരിച്ചു.

അതൊക്കെ കിട്ടും... ഒന്നാം റാങ്ക് ല്ലെങ്കിലും ഇനിക്ക് മുപ്പത്തഞ്ചാം റാങ്ക് ല്ലേ.... നമ്മളൊപ്പം തന്നെ പഠിക്കും ചെയ്യും"

രാധു ഓടിപ്പോകുന്നത് ഗായത്രി നോക്കിനിന്നു. എന്തൊരു പ്രസരിപ്പാണവൾക്ക്... എന്തൊരു ശുഭാപ്തി വിശ്വാസമാണ്.

കഴിഞ്ഞവർഷം മെഡിക്കൽ എൻട്രൻസിന്റെ തലേന്നാണ്

ഓർമ്മതൻ താളുകൾ മറിയുമ്പോൾ രാധുവിന്റെ അമ്മയെ പാമ്പ് കടിച്ചത് അമ്മെയുടെ അടുത്ത് നിന്ന് മാറാൻ അവൾ കൂട്ടാക്കിയില്ല. രാധുവിന്റെ അമ്മ പലപ്പോഴും പറയുമായിരുന്നു. "ന്റെ കുട്ടിന്റെ പരീക്ഷാത്തലേന്നെന്നെ തന്നെ വേണോ ആ പാമ്പിന് കടിയ്ക്കാൻ? നാലീസ് കഴിഞ്ഞ്ട്ട് കടിച്ചാൽ ന്തേയ് വെഷം കേറ് ല്ലേ?" രാധുവും സുകുമാരനും അതുകേട്ട് കുറേ ചിരിച്ചത്രെ.

കഴിഞ്ഞവർഷം ഗായത്രി തൃശ്ശൂരിലെ കോച്ചിംഗ് സെൻട്രലിലേക്ക് പോയപ്പോൾ രാധു എവിടെയും ചേർന്നില്ല. "ഒരു കൊല്ലം കൂടി വീട്ടിലിരുന്ന് പഠിച്ചിട്ട് ഒന്ന് കൂടി എഴുതിനോക്കാം.....കിട്ടില്ലെങ്കിൽ ഡിഗ്രിക്ക് ചേരാം" സുകുമാരനും ജയയും എതിർപ്പൊന്നും പറഞ്ഞില്ല. തവിട്ടുംകര സി പി സ്കൂളിലെ പ്യൂണാണ് സുകുമാരൻ അംഗൻവാടിയിലെ ഹെൽപ്പറാണ് ജയ..... രാവിലെ മൂന്ന് പേരും തൊടിയിലേക്കൊരു എറക്കാണ്.... സുകുമാരൻ പോകാനാവുന്നത് വരെ..... ഇടയ്ക്ക് രാജുവിനെ കണ്ടപ്പോൾ ഗായത്രി മുഷിഞ്ഞ് പറഞ്ഞു.... നീ കോച്ചിങ്ങിനും പോവാതെ മണ്ണ് ല് ങ്ങനെ ചാടി

ഓർമ്മതൻ താളുകൾ മറിയുമ്പോൾ മറഞ്ഞോ.. ഇത്തവണ മെഡിക്കൽ കിട്ടാഞ്ഞാ.... കൊല്ലം ഞാൻ നിന്നെ? ഞാൻ തന്ന നോട്ട്സൊക്കെ പഠിക്ക്ണ് ല്ല്യേ....

" പഠിക്ക്ണ് ണ്ട് ന്റെ ഗായ്യോ... മെഡിക്കൽ കിട്ടീല്ലെങ്കി ഞാൻ അഗ്രികൾച്ചർന് പോവും".

ഗായത്രി വിസ്മയം പൂണ്ട് അവളെത്തന്നെ നോക്കിയിരുന്നു.

പത്താം ക്ലാസ്സുമുതൽ ഗായത്രി പുറംലോകം കണ്ടില്ലെന്നു തന്നെ

പറയാം..... ട്യൂഷൻ,ക്ലാസ്സ്, കോച്ചിംഗ് ...ഇതിനിടെ സൂര്യനുദിക്കുന്നതോ.. അസ്തമിക്കുന്നതോ.. പുഴകൾ നിറയുന്നതോ വറ്റുന്നതോ കിളികൾ പാടുന്നതോ മണ്ണിൻറെ തണുപ്പോ.. ഒന്നുംതന്നെ അവളറിഞ്ഞില്ല പുസ്തക കൂമ്പാരത്തിനു മുന്നിൽ അവളൊരു സ്ഥിര പ്രതീക്ഷയായി. ദ്വാരപാലകരായി സ്നേഹജയും ശേഖരനും കാവൽ നിന്നു.

അമ്മമ്മ ഒന്നുരണ്ടുപ്രാവശ്യം ശശി മാമനോട് പറയുന്നത് കേട്ടു.....

ഇത് കൊറച്ച് കടുപ്പം തന്ന്യാ... ന്റെ ശശ്യേ..... ങ്ങനെ കുട്ട്യോളെ കൊല്ലാക്കൊല ചെയ്യാമ്പാട്ണ്ടോ... ഡോക്ടറല്ലാത്തോരൊന്നും ബടെ ജീവിക്ക്ണ് ല്ല്യേ.... സ്നേഹജേം... ശേഖരനും ബേങ്ക് ലല്ലേ ..ന്തേലും ബുദ്ധിമുട്ട്ണ്ടോ... ഈ ഒന്നല്ലേള്ളൂ.. അയ്യെ ങ്ങനെ മുറിന്റുള്ള് ലടച്ചിടണോ?

കേട്ട് വന്ന സ്നേഹജ കയർത്തു കൊണ്ട് പറഞ്ഞു...

" അമ്മക്ക് പറഞ്ഞാമതി.... ഓളൊരു ഡോക്ടറാവാൻ വേണ്ട്യാ ശേഖരേട്ടാ നീ പെടാപ്പാട് പെടണത്.... അമ്മന്ന്ട്ട് അയ്യെ കുറ്റം പറയ്യാ...."

" ശേഖരനെന്ത് പെടാപ്പാടാ..... ഗായു അല്ലെ ഊണും ഒറക്കോല്ലാതെ പഠിക്ക്ണത്... ഞാനൊന്നു പ്പോ പറയ്ണ് ല്ല്യേ.....ങ്ങളായി...ങ്ങളെപാടായി...."

ശശിയും സ്നേഹജയോട് പറഞ്ഞു" ഇത്ര്യൊക്കൊന്നും വേണ്ട സ്നേഹേ... അവൾ പഠിക്ക്ണ കുട്ട്യല്ലേ...."

സ്നേഹജ മുഖം വെട്ടിത്തിരിച്ച് പോയി...

*മീഡിയക്കാർ കുടുംബ ഫോട്ടോയെടുത്തു.... വീട്ടിലെ പക്ഷികൂട്ടം പട്ടിക്കൂട്ടമെടുത്തു.... അവസാനത്തെ ചോദ്യവുമായി ഗായത്രിയുടെ നേർക്ക് വീണ്ടും ക്യാമറ തിരിഞ്ഞു ," ഇനിയെന്താണ് അടുത്ത ആഗ്രഹം"*

*ഓളെ ചെവിട്ടാണികുറ്റി നോക്കി ഒന്ന്ങ്ങട്ട് കൊടുക്കണം....ശശി പിറുപിറുത്തു. ആ പെണ്ണൊന്ന് ശ്വാസം വിട്ടിട്ടില്ല്യ...... ഓള്ള്യൊരു*

*ഓർമ്മതൻ താളുകൾ മറിയുമ്പോൾ ചോദ്യം" സ്നേഹജ രൂക്ഷമായി ശശിയെ നോക്കി.*

*തന്റെ മറുപടിക്കായ് കാത്തുനിൽക്കുന്ന ക്യാമറക്കണ്ണുകളെ നോക്കി ഗായത്രി കണ്ണടച്ചു...*

*"എനിക്ക് രാധുവിന്റെ കൈപിടിച്ച് പാടവരമ്പിലേക്ക് ഓടണം, കാറ്റത്ത് ഞാറുകൾ തലയാട്ടുന്നതും നോക്കി ആ ശുദ്ധവായു ശ്വസിച്ച് കൈകൾ വിരിച്ച് നിൽക്കണം. രാധുവിന്റെ വാഴത്തോട്ടത്തിലെ മാണിത്തട്ട തുറന്ന് തേൻനുകരണം. അവളോടൊപ്പം പുഴയിലിറങ്ങി നനഞ്ഞു വിറക്കണം. ഉച്ചത്തിൽ മൂളിപ്പാട്ട് പാടി അമ്മമ്മയുടെ മടിയിൽ കിടക്കണം, വറുത്തരച്ച കോഴിക്കറി കൂട്ടി വയർ പൊട്ടും വരെ ചോറുണ്ണണം" അവൾ ക്യാമറക്ക് നേരെ കണ്ണുതുറന്നു. ശേഖരൻ ആവർത്തിച്ചു പഠിപ്പിച്ച വാചകങ്ങൾ ഒരു ശവത്തെ പോലെ ഉരുവിട്ടു ." എനിക്ക് ഇന്ത്യ അറിയപ്പെടുന്ന മികച്ച കാർഡിയോളജിസ്റ്റ് ആവണം ഒപ്പംതന്നെ ഐ എ എസ്-ന് ശ്രമിക്കുകയും വേണം "..... അഭിമാനം കൊണ്ട് ശേഖരന്റെ കണ്ണുകൾ നിറഞ്ഞു. ആത്മഭിമാനം കൊണ്ടു അവളുടേതും .*



## പ്രളയം

*മലയാള നാടിൻറെ വേര് അടർത്തി പോയ*

*കണ്ണീർ പ്രണയത്തെ ഓർത്തിട നാം*

*മലയാള നാടിനെ കണ്ണീരിലാഴ്ത്തിയ*

*പ്രളയമീ ദുരന്തത്തെ ഓർത്തിട നാം*

*പ്രകൃതി യാം മമ്മയെ രോക്ഷ കു ലമാക്കിയ*

*മനുഷ്യനാം ക്രൂരനെ യോർത്തിടനാം*

*പ്രകൃതിയാമമ്മയെ നിഷ്ഠുരമാക്കിയ*

*പാഴായ ജന്മത്തെയോർത്തിടുക*

*മലയാള നാടിൻറെ വേരടർത്തിപ്പോയ*

*കണ്ണീർ പ്രളയത്തെ യോർത്തിട നാം*

*മലയാള നാടിനെ കണ്ണീരിലാഴ്ത്തിയ*

*പ്രളയമീ ദുരന്തത്തെയോർത്തിടനാം*

*ചുടുചോര ഊറ്റി കുടിക്കും കൊതുക് പോൽ*

*പ്രകൃതിതൻ തെളിനീര് മൂറ്റുന്നു നാം*

## *Dreams*

*ഇനിയും കിടക്കുന്ന ജീവൻത്തുടിപ്പുകൾ*

*തുല്യമാം അവകാശി യെന്നപോലെ*

*ഇനിയും പഠിക്കാത്ത പാഠമിതെന്നപോൽ*

*മനുഷ്യനാ ക്രൂരത ചെയ്തിടുന്നു*

*ലോക മെമ്പാടുംഭയക്കും ദുരന്തത്തെ*

*ഏറ്റ വാങ്ങാനായൊരുങ്ങുന്നു നാം*

*മലയാള നാടിന്റെ വേരടർത്തി പ്പോയ*

***കണ്ണീർ പ്രളയത്തെ യോർത്തിട നാം***

**by**
**Adithya.c**
**X-C**

## കലാലയ ജീവിതം



ഓർമ്മതൻ താളുകൾ മറിയുമ്പോൾ

പിന്നിട്ട വഴികൾ നീളുമ്പോൾ

ഓടിത്തീർത്ത വഴികളിലെ

കാൽപ്പാടുകൾ മാഞ്ഞുപോയി

അറിയാതെ അകലങ്ങളിലേക്ക് തെന്നിമറഞ്ഞ

കലാലയജീവിതം.

ഓർക്കുമ്പോൾ കൊതിയേറിവിടെ

ഒന്നവന്നെൻ ചാരത്തണഞ്ഞിടാൻ

എങ്കിലും മുഖമാം എനിക്കിന്നറിയാം

നിനച്ചിടാതെ വന്ന ആ സൗഭാഗ്യങ്ങൾ

ഇനിയൊരിക്കലുമെൻ ചാരത്തണയില്ലെങ്കിലും

മനസ്സിന്റെ ഓർമ്മക്കൂട്ടിൽ നിന്നും പൊടിതട്ടിയെടുക്കാം.

ആദ്യക്ഷരം നകർന്നതും

കൊച്ചടി വെച്ചിടറി വീണതും

## Dreams

സ്നേഹമാം വലയത്തിൽ എന്നെ പൊതിഞ്ഞതും

എന്നാലിന്നതന്യമായി തുടങ്ങുമ്പോൾ

നിഷ്കളങ്കമായി ഞാനാ കാലത്തെ ഓർക്കുന്നു

കളിക്കാനും, ചിരിക്കാനും, കൂട്ടുകൂടാനും, ഇണങ്ങാനും,

പിണങ്ങാനും ആയി എനിക്കു കൂട്ടിനുനിന്ന

എന്റെ സുഹൃത്തുക്കൾ.

by
Shifana shern

## ഇറച്ചി



*കൂരാക്കൂരിരുട്ടിൽ തൻറെ രണ്ട് മക്കളെയും മാറോട് ചേർത്തു കിടക്കുമ്പോൾ ആ മനസ്സ് പിട* by

*safidha.k.t*

*VIII-G യുകയായിരുന്നു. മക്കളെ പട്ടിണിക്കിട്ട് ഉറക്കുമ്പോൾ ആ മനസ്സെങ്ങനെ പിടയാതെയിരിക്കും.*

*അമ്മേ, അനുമോൾക്ക് വിശക്ക്ണു........ രേവതി മോളുറങ്ങിയെന്ന് കരുതി കൈയെടുത്തതെയുള്ളൂ. അനുമോൾ ചിണുങ്ങാൻ തുടങ്ങി.അവളുടെ ചുണ്ടൊന്നു നനച്ചു കൊടുക്കാൻ പോലും ആ വീട്ടിൽ ഒരു തുള്ളി വെള്ളം പോലും ഇല്ല. ഖദീജത്തയുടെ വീട്ടിൽ വൈകുന്നേരം വന്ന വിരുന്നുകാരുടെ തിരക്ക് കാരണം ഒരു കുടം വെള്ളം പോലും കൊണ്ടുവരാൻ കഴിഞ്ഞില്ല. അനുമോള് കരയണ്ടട്ടോ ..... മോൾക്ക് അമ്മ നാളെ മോൾക്കിഷ്ടപ്പെട്ടതൊക്കെ ഉണ്ടാക്കിത്തരാട്ടോ.... മോളിപ്പോ ഉറങ്ങിക്കോ..... സത്യം !!! അനുമോളുടെ ആ നിഷ്കളങ്കമായ ആ ചോദ്യത്തിനുമുന്നിൽ ആ അമ്മയുടെ കണ്ണ് നിറഞ്ഞൊഴുകി. എങ്ങനെ ഞാൻ സത്യം ചെയ്തു കൊടുക്കും മോളുറങ്ങിക്കോട്ടെ ..... നാളെയാവട്ടെ..........*

*തലേന്നത്തെ മഴയിലും കാറ്റിലും പൊട്ടിയ ഓടിന്റെ വിടവിലൂടെ സൂര്യൻ അവളെ തഴുകിയുണർത്തി. വീട് മുഴുവനും വെള്ളമായിരുന്നു. മകൾ ഉണരുന്നതിന് മുന്നെ അവൾക്കെന്തെങ്കിലും കഴിക്കാൻ ഉണ്ടാക്കണം. പക്ഷേ എന്ത്?*

എന്താണീ വീട്ടിൽ ഉള്ളത്. ഖദീജത്തയുടെ വീട്ടിൽ പോയി രേവതി ഒരു കുടം വെള്ളം കൊണ്ടുവന്നു.

മുറ്റത്തു കിടന്ന ചുള്ളിയും കമ്പും പെറുക്കി കൂട്ടി അവൾ ചായ ഉണ്ടാക്കി. മഴവെള്ളത്തിൽ നന്നായി കളിച്ചത് കൊണ്ട് വിറക് കത്തില്ലെന്ന് വാശിപിടിച്ചു. പക്ഷേ രേവതിയുടെ സങ്കടത്തിനു മുന്നിൽ മനസ്സലിഞ്ഞ ചുള്ളിക്കമ്പുകൾ അഗ്നിയായി ജ്വലിച്ചു. അമ്മേ...... ചായ ആയോ? വിശക്ക്ണു..... ആ മോൻ പോയി പല്ലുതേച്ചിട്ട് വാ...... അനു മോളെയും വിളിച്ചുണർത്തട്ടോ.... ശരി അമ്മേ.... മനു അനുമോളെ വിളിക്കാനായിട്ടോടി. അരിക്കലത്തിലെ അവസാന അരിമണിയും ഓരോന്നായി പെറുക്കിയെടുത്ത് അരിവറുത്ത്ചായയിലിട്ടു മക്കൾക്ക് നൽകി. രേവതി ഒന്നും കഴിച്ചില്ല. വിശപ്പില്ലാഞ്ഞിട്ടായിരുന്നില്ല. മക്കൾക്ക് തന്നെ കഷ്ടിച്ചാണ് വിളമ്പിയത്. മക്കളിവിടെ ഇരിക്ക് അമ്മപോയി എന്തേലും കിട്ടുമോന്ന് നോക്കട്ടെ. തൻറെ കീറിയമുണ്ടൊന്ന് മുറിക്കിയുടുത്ത് അവൾ റോഡിലേക്കിറങ്ങി. കൃഷ്ണൻ നായരുടെ വീട്ടിൽ പോയി മുറ്റമടിയും പാത്രം കഴുകിയും കിട്ടിയ രണ്ടുർപ്പികയും കൊണ്ട് കേശവേട്ടന്റെ കടയിലേക്ക് അവൾ ഓടി. മക്കളുടെ മുഖം മാത്രമേ അവളുടെ മനസ്സിൽ ഉണ്ടായിരുന്നൊള്ളൂ. കേശവേട്ടാ..... കുറച്ച് അരി വേണം എത്രയ്ക്കാ... കയ്യിലുള്ള രണ്ട് ഉർപ്പിക അവൾ നൽകി. കേശവേട്ടൻ അതിനു സമാനമായ അരി പൊതിഞ്ഞു നൽകി. അവളതും കൊണ്ട് വീട്ടിലേക്ക് നടന്നു. നിറഞ്ഞ കണ്ണുകളോടെ അമ്മേ..... അമ്മ എന്താ ഇത്രവൈകിയത്. വിഷക്ക്ണു.. അമ്മയുടെ കയ്യിലെന്താ..അനുമോളുടെ ചോദ്യങ്ങളായിരുന്നു എല്ലാം. മോൾക്ക് അമ്മ ഇപ്പോ കഞ്ഞിവെച്ച് തരാട്ടോ...... മോളിവിടെ ഇരിക്ക്. കഞ്ഞിവെക്കാൻ

*ഉള്ള വിറകുമായി മല്ലിടുന്നതിനിടയിലാണ് അവളാ കാഴ്ച കണ്ടത്.*

*മുറ്റത്തെ മാവിൻ കൊമ്പിലിരുന്ന് കരയുന്ന ഒരു കാക്ക. അതിന്റെ കൊക്കിൽ ഒരു ഇറച്ചിക്കഷ്ണം.*

*അവൾ ഒരു കല്ലെടുത്ത് അതിനെ എറിഞ്ഞു. കാക്ക പേടിച്ച് ആ ഇറച്ചിക്കഷ്ണം താഴെയിട്ട് പറന്നു.അവൾ ഓടിച്ചെന്ന് അതെടുത്ത് കഴുകി വൃത്തിയാക്കി. അനുമോളെ....... മനു... ഇങ്ങുവന്നേ മക്കൾക്ക് ഇന്ന് അമ്മ ചോറും ഇറച്ചിക്കറിയും ഉണ്ടാക്കിത്തരാട്ടോ....... ഹായ്, ഹായ്.....*

*രണ്ടാൾക്കും അതിരില്ലാത്ത സന്തോഷം. അമ്മ വെള്ളം കോരിവെച്ചിട്ടുണ്ട്. വേഗം പോയി കുളിച്ച് വന്നെ. രണ്ടുപേരും ഓടി അവളാ ഇറച്ചി കഷ്ണത്തെ വീണ്ടും കഷ്ണങ്ങളാക്കി കറിവെച്ചു. രണ്ടുപേരും കുളിയും കഴിഞ്ഞ്സന്തോഷത്തോടെ വന്നിരുന്നു. മക്കൾക്ക് വിളമ്പിക്കൊടുത്ത് അവളും ഇരുന്നു. ഒരു കഷ്ണം ഇറച്ചി പ്ലേറ്റിലേക്കിട്ട്. അവളാലോചിച്ചു .ഈ ഇറച്ചിക്കഷ്ണം എവിടന്നായിരിക്കും. ആരുടേതായിരിക്കും. ഇത് കഴിക്കാൻ പറ്റുമോ.... ആ കാക്ക എവിടുന്ന് കൊത്തിയെടുത്തതായിരിക്കും. അവൾ മക്കളുടെ മുഖത്തേക്ക് നോക്കി. സ്വാദറിഞ്ഞ് അവരത് കഴിക്കുന്നു.*

*ഏറെ നാളുകൾക്ക് ശേഷം അവളുടെ കൈകൾ വിറയ്ക്കാൻ തുടങ്ങി.............*

**by**
**Safidha.k.t**
**VIII-G**

## ഒരു വിനോദയാത്ര



പഠനയാത്രക്ക് വേണ്ടി നമ്മുടെ ക്ലാസ് ചെറിയ യാത്ര പോകാൻ തീരുമാനിച്ചു. തീരുമാനിച്ചെങ്കിലും ധാരാളം പ്രയാസങ്ങൾ നേരിട്ട് ഞങ്ങൾ ആ യാത്ര പൂർത്തിയാക്കി. 5:45 ആയപ്പോഴേക്കും എല്ലാവരും സ്കൂളിൽ എത്തിയിരുന്നു. ഞങ്ങൾ 43 വിദ്യാർഥികളും 8 അധ്യാപകരും PTA -ൽ നിന്ന് ഒരു അംഗവും ഉണ്ടായിരുന്നു. ഞങ്ങൾ ഞങ്ങളുടെ യാത്ര ആരംഭിച്ചു. ഹൈസ്കൂളിലെ ഞങ്ങളുടെ ആദ്യത്തെ പഠന യാത്രയായിരുന്നു അത്. സുഹൃത്തുക്കളുടെ കൂടെ ഒരു യാത്ര ഞങ്ങൾ ഒരുപാട് ആഗ്രഹിച്ചതായിരുന്നു. അപ്പോഴാണ് ആ സൗഭാഗ്യം ഞങ്ങളുടെ മുന്നിൽ എത്തിച്ചേർന്നത്. കാപ്പാട് ബീച്ച് ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തുടങ്ങി. കാപ്പാട് ബീച്ചിന്റെ പ്രത്യേകതകളും ചരിത്രങ്ങളും അശോകൻ സാർ പറഞ്ഞുതന്നു. ഈ ബീച്ച് മറ്റു ബീച്ചുകളിൽ നിന്ന് വളരെയേറെ വ്യത്യസ്തതയും വളരെ ശാന്തവും വൃത്തിയും ഉള്ളതായിരുന്നു മറ്റു ബീച്ചുകളിൽ നിന്നും ഇതിനെ വ്യത്യസ്തമാക്കിയത്. ഈ ബീച്ചിന്റെ മനോഹാരിതയിൽ ഞങ്ങൾ ആണ്ടുപോയി. പിന്നീട് ഞങ്ങൾ കുഞ്ഞാലി സമരത്തിലേക്ക് യാത്ര തുടർന്നു. പ്രഭാതഭക്ഷണം കഴിക്കുന്നതിനു വേണ്ടി സ്മാരകത്തിന്റെ അടുത്തുള്ള വീട്ടിൽ ഞങ്ങൾ ഒരുമിച്ചുകൂടി. ഭക്ഷണം കഴിച്ചു കഴിഞ്ഞതിനുശേഷം ഞങ്ങൾ സ്മാരക ത്തിലേക്ക് പ്രവേശിച്ചു. അവിടത്തെ സ്റ്റാഫ് കുഞ്ഞാലിമരയ്ക്കാറെക്കുറിച്ചുള്ള ചരിത്രങ്ങൾ പറഞ്ഞുതന്നു. ഞങ്ങൾ കുഞ്ഞാലിയുടെ കൊട്ടാരത്തിലായിരുന്നു ഇരുന്നത്. പതിനാറോളം മുറികളുള്ള ആ കൊട്ടാരം യുദ്ധത്തിൽ തകർന്ന് ഇപ്പോൾ മൂന്ന് മുറികളും ഒരുഹാളുമാണ്

അവശേഷിക്കുന്നത്. ആ കൊട്ടാരം ഇപ്പോൾ കോട്ട യാക്കി മാറ്റിയിട്ടുണ്ട്. അതിനുശേഷം അക്കാലത്തുണ്ടായിരുന്ന യുദ്ധത്തിന് ഉപയോഗിച്ച ഉപകരണങ്ങളും ആ കൊട്ടാരം സ്ഥിതിചെയ്തിരുന്ന ആ സ്ഥലത്തിന്റെയും ഗ്രാമത്തിന്റെയും ഒരു പ്ലാനും ഉള്ള മ്യൂസിയത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചു. അവിടുന്ന് ഒരുപാട് കാഴ്ചകൾ കണ്ടും കേട്ടും വായിച്ചും അറിഞ്ഞു .

പിന്നീട് ഞങ്ങൾ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് ലേക്ക് പോയി. അവിടെ തന്റെ കഴിവ് തെളിയിച്ച് കുറെ ആളുകൾ ഉണ്ടാക്കിയ ഉപകരണങ്ങൾ ഞങ്ങൾ കണ്ടു. അവിടെനിന്ന് ഒരുപാട് സാധനങ്ങൾ വാങ്ങുകയും പണ്ടുകാലത്ത് വസ്ത്രങ്ങൾ നെയ്തിരുന്ന നെയ്ത്ത് യന്ത്രവും മൺകലം ഉണ്ടാക്കുന്നതും കണ്ടു. അതിൻറെ ഒരോ ശൈലിയും ഞങ്ങൾ കണ്ടറിഞ്ഞു. പിന്നീട് അവിടെ നിന്ന് ഞങ്ങൾ അറക്കൽ കൊട്ടാരത്തിലേക്ക് യാത്രതിരിച്ചു. അക്കാലത്ത് അവർ ഉപയോഗിച്ചിരുന്ന പുരാതന വസ്തുക്കൾ ഞങ്ങൾ കണ്ടു. അറക്കൽ ബീവി യുടെ ചരിത്രങ്ങൾ വായിച്ചറിഞ്ഞു. ഒരുപാട് അർത്ഥമുള്ള ചിത്രങ്ങൾ അവിടുത്തെ ചുമരിൽ കണ്ടു.

പിന്നീട് ഞങ്ങൾ മിൽമ ഫാക്ടറി ലേക്ക് യാത്രതിരിച്ചു. അവിടെനിന്ന് ഞങ്ങൾ പാലിൻറെ പലതരം നിർമ്മാണങ്ങൾ കണ്ടു. അവിടെനിന്നു ഞങ്ങൾക്ക് ഐസ്ക്രീം തന്നു അവിടെനിന്ന് ഞങ്ങൾ പാലിൻറെ വ്യത്യസ്തമായ സാധനങ്ങൾ വാങ്ങി.

പിന്നീട് അവിടെ നിന്നും ഞങ്ങൾ സ്നേക്ക് പാർക്കിലെ യാത്രതിരിച്ചു. അവിടെ പലതരം മീനുകളെ കണ്ട് ഞങ്ങൾ പാർക്കിന്റെ പ്രധാന സ്ഥലത്തേക്ക് പ്രവേശിച്ചു. പലതരം പാമ്പുകളും പക്ഷികളും മൃഗങ്ങളും കണ്ടതിനുശേഷം ഞങ്ങൾ രുചിയൂറും ഭക്ഷണങ്ങൾ കഴിച്ചു. അവിടുന്ന് പുറപ്പെട്ട കണ്ണൂർ ഡ്രൈവിംഗ് ബീച്ച് ലേക്ക് ഉള്ള യാത്രയിൽ ബസ്സിൽ വെച്ച് ഞങ്ങൾ ഞങ്ങളുടെ ആഹ്ലാദപ്രകടനങ്ങൾ കാഴ്ചവച്ചു. അധ്യാപകരും കുട്ടികൾ ചേർന്നുള്ള ആ യാത്ര അതിമനോഹരമായിരുന്നു. നേരം സന്ധ്യയായപ്പോൾ താത്ത തടസ്സപ്പെട്ടു . എങ്കിലും ഞങ്ങളുടെ നിർബന്ധത്താൽ യാത്ര തുടർന്നു . അപ്പോൾ ചെറുതായി മഴ പാറുന്നുണ്ടായിരുന്നു. അതിനാൽ ഞങ്ങളെ ബീച്ചിലേക്ക് ഇറങ്ങാൻ അനുവദിച്ചില്ല . അപ്പോൾ ഞങ്ങൾ നിരാശരായി. പിന്നീട് ഞങ്ങൾ വീട്ടിലേക്ക് യാത്ര തിരിച്ചു . ഞങ്ങൾ ആ യാത്രയിൽ ഒരുപാട് ആഘോഷിച്ചും സന്തോഷിച്ചും ചിലവഴിച്ചു. ബസ്സിൽ നിന്ന് ഒരുപാട് കുസൃതികൾ കാണിച്ച്ആ യാത്ര പൂർത്തിയാക്കി തിരിച്ചെത്തി.

ഞങ്ങൾ ഒരുപാട് അറിവുകളും കേരളത്തിലെ ആദ്യ കാലത്തെ ചരിത്രങ്ങളും വ്യത്യസ്ത വസ്തുക്കളും ഭംഗിയാർന്ന കൈത്തൊഴിലുകളും കണ്ടും കേട്ടും മനസ്സിലാക്കി. ഈ യാത്രയിൽ നിന്ന് ഞങ്ങൾക്ക് ഒരുപാട് അനുഭവങ്ങൾ ഉണ്ടായി. ക്ലാസ് പഠന യാത്ര ആയതിനാൽ മറ്റു യാത്രയേക്കാൾ എല്ലാവർക്കും സ്വാധീനിച്ച ഒരു യാത്രയായിരുന്നു അത്. എന്നും ഓർമ്മിക്കാൻ

## *Dreams*

*ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ച ഒരു യാത്രയായിരുന്നു അത്. ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ യാത്ര.*

**By Rinsha fathim IX-B**

## LOVE AS A RAIN



When I met you
my heart fell knack
knack everything I
Saw fall upside down
your eyes was clinking
Like a star.

My face changed like
a tomato.
When I going to
propose my a love
as a Romance
Rain came.

Everyone was
Running I and her

## *Dreams*

*Stayed along*

*I hold her hand*

*Looking to her*

*eyes I tell my*

*heart feeling that*

*my heart fall for you*

*I Love you.*

*by*

Abhishek.m.manoj
IX-A

## The darken flower



*once a man planted a beauty plant. A long time ago ,it doesn't, grow a flower. He was very sad.*

*And he again and again fare the plant. But he plant did not gave some flower. At the last he want to destroy the the plant did not gave some flower. At last he want to destroy that because he coved it a lot some days he didn't take care of it. That time a beautiful flower grow up. But he didn't saw the flower. One day he idly went to plant. He saw a single beauty very happy. Then he call the called darken flower. And he care the plant very much.*

by
Rinsha fathim m
IX B

## CHILD LABOUR

*why should we suffer ?*

*Why should we pay ?*

*Why should we do this every day ?*

*We are tired of doing this every day ?*

*Stop child labour*

*our  cuts and bruises aren't healing*

*As we do this day by day*

*Its like the feel , but have no felling*

*And aren't bothered of what we have to say*

*we are tired of doing this everyday*

*STOP CHILD LABOUR*

by
Vijin.k
IX-A

# Caged tiger



Tiger,

*you are a trapped energy now*
*I feel so happy to see you*
*in this glass case.*
*The vigonr and vitality*
*of your wildness*
*reminds me of your power energy*

*Iam weak ,and feel so emions*
*about your strungth*
*your muscles and sinews*
*speed and sharpness*
*all are trapped here*

*You are only one of the*

## Dreams

toys my little son adores
He always chooses you
and keeps you ahead of others
He says “You're the leader”
When i see the weak
number of your family
at my kitchen doorstep

I imitate their purssi
but i wonder how
i can imitate you
you full of strungth
a powerfull leeding energy

Ah!  so i put in my glass case
a glass maagerie a power packed case
to remind me of your agility
concentration perseverance, sharpness

## Dreams

*I'm inspired tiger , because of you*
*your energy has been infused in me*

*Now I roar.... roar.....*
*Like a tiger*
*all my conscience can here the echo always*

*I myself shiver sometimes*
*shocked to find you in me*
*slowly , you're become me and i*
*you, and we are the same*

*when you come out of me*
*my views blasts out*
*with the force of your energ*
*My eyes narrow ,to see in the darkness*
*My ears keen to the slight stir Ah!*
*I'm a tiger not caged a free*



# എഡിറ്റോറിയൽ ബോഡ്





## أثرها و صفوفنا داخل التقانة دخول .


كي عبباس محمد بقلم .
العربية اللغة مدبرس
تشالري الحكومية ثانوية ثاني مدرسة .
و دراساتنا أعماليات في كثيرا أثرت قد صفوفنا داخل
التقانة مجيئ أن شك ل
الدراسة وسهلت التعليم و للتعلم الفرص من كثيرا أعطت
بصري السمعي المشاهد في راغبون الطلب . الرغبة هذه استخدمنا فنحن
صفوفنا داخل التقانة بواسطة
يساعد صفوفنا داخل في كبير أثر لها الحكومة قبل من وردت التي سمغرا
المناشط حول البحث و الدراسية الخطوط لعداد . التنزيل و التحميل
المدرسين
الواسطة بهذه مجال . أثناء للطلب يفيد التي الصور و الفيديو عن البحث
أكبر
الحاجة حسب يرتبها و العالمية شبكة من ينزلها . التي المنابع كذالك و
الدراسة
يساعد الدراسة أثناء الطلب أمام يظهرها و أيضا يرتبها الخري مدرسون
تحملها
ملل ول كد بل السهلة . واسطة خير بعدها تجيئ التي التدريبات و
للدراسة الطلب
المتخلفين للطلب العمليات هذه يعاني و العلجي للتعليم
الدراسية الخطوط لعداد كبيرة عناية يعتني أن المدرس فعليا
الصور و فيديو من . العالمية الشبكة في موجود المنتوجات من كثير هناك
والمشاهد
العصر في استفادتها نستطيع وسيلة أنفع الجوالة و صفوفنا داخل لستخدام
موافقة
أكثر علي نجد اليوم و 1.5 ل فقط روبية مئة بأربع يوم كل مجانا بي جي
الرحيب

84 التنزيل عبر أو النترنت علي العارضات بواسطة استخدامها فعلينا أيام



# *PICTURE*




harshida
IX-B